പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4839 05/02/2014- ൽ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പ് മുഖേന വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽപ്പെടുത്തി വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 2010-11,2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) പാലുല്പാദനവും, ഇറച്ചി ഉല്പാദനവും വർദ്ധിപ്പിക്കുക, ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുക, വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് വനിതകൾക്ക് നൽകുന്നത്; വിശദമാക്കുമോ; | (സി) 2010-11 ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഒരു വനിതാ ഗുണഭോക്താവിന് ഒരു കറവപ്പശു, രണ്ട് ആടുകൾ എന്നിവ വാങ്ങുന്നതിനായി 22,500 രൂപ വീതവും ധനസഹായം നൽകി. 2011-12 വർഷത്തിൽ ഒരു വനിതാ ഗുണഭോക്താവിന് ഒരു കറവപ്പശു, രണ്ട് ആടുകൾ എന്നിവ വാങ്ങുന്നതിനായി 25,000 രൂപ വീതവും ധനസഹായം നൽകി. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) 2010-11 ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഒരു വനിതാ ഗുണഭോക്താവിന് ഒരു കറവപ്പശു, രണ്ട് ആടുകൾ എന്നിവ വാങ്ങുന്നതിനായി 22,500 രൂപ വീതം ധന സഹായം നൽകി. 1555 ഗുണഭോക്താക്കൾക്ക് ഗുണഫലം ലഭിച്ചു. 2011-12 വർഷത്തിൽ ഒരു വനിതാ ഗുണഭോക്താവിന് ഒരു കറവപ്പശു, രണ്ട് ആടുകൾ എന്നിവ വാങ്ങുന്നതിനായി 25,000 രൂപ വീതം ധനസഹായം നൽകി. 400 ഗുണഭോക്താക്കൾക്ക് ഗുണഫലം ലഭിച്ചു. |

സെക്ഷൻ ഓഫീസർ